# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 370 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി -ഗുണങ്ങളും കോട്ടങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി, പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായ മേഖലയിലായതിനാൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം തുടർന്നുവന്നിരുന്ന കേരളത്തിൽ ഇത് നടപ്പാക്കുമ്പോൾ എന്തു ഗുണങ്ങളും കോട്ടങ്ങളും ഉണ്ടാകും എന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. പൂർണ്ണമായും കമ്പ്യൂട്ടർ വൽകൃത നികുതി നിർവ്വഹണ സമ്പ്രദായമായ ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർ സംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനു ലഭിച്ചിരുന്നില്ല. ജി.എസ്.ടി. യിൽ ഈ |

| | | | |
|---|---|---|---|
| | | | നികുതിയും കേരളത്തിനു ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (ബി) | ജി.എസ്.ടി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന് നികുതി ചുമത്താനാവുന്ന മേഖലകൾ ഏതെല്ലാം; എന്ത് നടപടികൾ ധനവകുപ്പ് നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചരക്കിന് പുറമേ സേവന മേഖലയിലും സംസ്ഥാനത്തിനു നികുതി ചുമത്താൻ കഴിയും. കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന – യൂണിയൻ ടെറിട്ടറീസ് ധന/നികുതി മന്ത്രിമാരും അംഗങ്ങളായ ജി.എസ്.ടി കൗൺസിൽ ആണ് നികുതി നിരക്കുകൾ നിശ്ചയിക്കുന്നത്. |
| (സി) | ജി.എസ്.ടി നടപ്പാക്കുക മൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭം അല്ലെങ്കിൽ നഷ്ടം എത്ര എന്നു ധനകാര്യ വകുപ്പ് പരിശോധിച്ചുവോ ; എങ്കിൽ ലാഭമുണ്ടാകുന്നത് എത്ര എന്നും നഷ്ടമാണുണ്ടാകുന്നതെങ്കിൽ കേന്ദ്രസഹായം നല്കുന്നത് ജി.എസ്.ടി കൗൺസിലാണോ കേന്ദ്ര സർക്കാരാണോ എന്നും ധനവകുപ്പിന്റെ കാഴ്ചപ്പാട് എന്ത് എന്നും വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടാവുകയാണെങ്കിൽ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ചു വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കു നൽകും. |
| (ഡി) | അന്തർ സംസ്ഥാന വിതരണങ്ങളിൽ ചുമത്തപ്പെടുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രസ്തുത നിയമ പ്രകാരം സംസ്ഥാനങ്ങൾക്ക് എത്തരത്തിൽ വീതിച്ചു നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | അന്തർ സംസ്ഥാന വിതരണങ്ങളിൽ ചുമത്തപ്പെടുന്ന ഇൻപുട്ട് ടാക്സ് ഐ.ജി.എസ്.ടി ആയി ഈടാക്കുകയും അതിന്റെ ഒരു ഭാഗം ചരക്ക് ഉപയോഗിക്കുന്ന സംസ്ഥാനത്തിനും ഒരു ഭാഗം കേന്ദ്ര സർക്കാരിനും വീതിക്കപ്പെടുന്നു. ജി.എസ്.ടി.എൻ മുഖേനയാണ് ഇത് സംഭവ്യമാകുന്നത്. |

**സെക്ഷൻ ഓഫീസർ**